**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3360** — **29.01.2014-ൽ മറുപടിക്ക്**

## വിത്തുതേങ്ങയുടെ വിലനിർണ്ണയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| എ) കൃഷി വകുപ്പ് സംഭരിക്കുന്ന വിത്തുതേങ്ങയുടെ വില നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) 2013-14 വർഷത്തെ വിത്തുതേങ്ങയുടെ സംഭരണവില നിശ്ചയിച്ചിട്ടില്ല. 2013-14-ലെ (2014 ജനുവരി മുതൽ ആരംഭിക്കുന്ന സംഭരണ സീസൺ) വിത്തു തേങ്ങാ സംഭരണ വില നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) വിത്തുതേങ്ങയുടെ വില നിശ്ചയിക്കുന്നതിൽ വകുപ്പ് അനാസ്ഥ കാണിക്കുന്നതായി കൃഷിക്കാർക്കിടയിൽ വ്യാപകമായി പരാതിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | ബി) ഇല്ല |
| സി) എങ്കിൽ കർഷകരുടെ ആശങ്ക പരിഹരിക്കുന്നതിന് വിത്തു തേങ്ങയുടെ വില നിർണ്ണയം നടത്തി ശേഖരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാമോ; | സി) ബാധകമല്ല. |
| ഡി) ഇല്ലെങ്കിൽ കർഷകന് യഥാസമയം ഉൽപ്പന്നത്തിന് വില നൽകുന്നതിന് എന്ത് ബദൽ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | ഡി) 2013-14 വർഷത്തിൽ വിത്തുതേങ്ങാ സംഭരണം 2014 ജനുവരി മുതലാണ് ആരംഭിക്കുന്നത്. ഇങ്ങനെ സംഭരിക്കുന്ന വിത്തുതേങ്ങയുടെ സംഭരണ വില നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാർ നിശ്ചയിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് തുക നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**